## കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസം - ഗവൺമെന്റ് /എയ്ഡഡ് സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിലുള്ള അദ്ധ്യാപക നിയമനം - വേതന നിരക്ക് വർദ്ധിപ്പിച്ച്- ഉത്തരവാകുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്**

**ജി.ഒ (പി) നം. 189/11/പൊ.വി.വ തീയതി, തിരുവനന്തപുരം, 06/09/2011**

---

പരാമർശം: (1) സ.ഉ (പി) നം. 249/02/പൊ.വി. തീയതി 14/08/02.
(2) സ.ഉ. (പി) നം. 01/05/പൊ.വി. തീയതി 01/01/05.
(3) സ.ഉ. (പി) നം. 80/07/പൊ.വി. തീയതി: 19/04/07.
(4) സ.ഉ. (പി) നം. 56/11/പൊ.വി. തീയതി: 26/02/2011.

## ഉത്തരവ്

സൂചന ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചു. സർക്കാർ സ്കൂളുകളിലെ ദിവസവേതനനിരക്ക് എയ്ഡഡ് സ്കൂളുകൾക്കും ബാധകമാക്കി സുചന രണ്ട് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന ഹൈസ്ക്കൂൾ അദ്ധ്യാപകന് 250 രൂപയും, പ്രൈമറി സ്കൂൾ അസിസ്റ്റന്റിന് 200 രൂപയുമാണ് സൂചന മൂന്നിലെ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ എയ്ഡഡ് സ്കൂളുകളിൽ 8 മാസത്തിൽ കുറവായ ഒഴിവുകളിലേയ്ക്കാണ് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്.

2) ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന അദ്ധ്യാപകരുടെ വേതനനിരക്ക് വർദ്ധിപ്പിച്ചു നൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം അദ്ധ്യാപകർക്ക് ആഴ്ചയിൽ പരമാവധി മൂന്ന് ദിവസം എന്ന് നിജപ്പെടുത്തിക്കൊണ്ട് ദിവസവേതനാടിസ്ഥാനത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിയമിതരാകുന്ന ഹൈസ്ക്കുൾ അസിസ്റ്റന്റിന് ദിവസവേതനം 250 രൂപയിൽ നിന്ന് 500 രൂപയായും, പ്രൈമറി സ്കൂൾ അസിസ്റ്റന്റിന് 200 രൂപയിൽ നിന്ന് 400 രൂപയായും വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

3) പൊതുവിദ്യാഭ്യാസ വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന പാർട്ട്ടൈം മീനിയലിന് 180 രൂപ നിശ്ചയിച്ചുകൊണ്ടും ഉത്തരവാകുന്നു. ഈ ഉത്തരവിന് 01/06/2011 മുതൽ മുൻകാലപ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എം. ശിവശങ്കർ**
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

| | |
|---|---|
| എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും<br>ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും<br>ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും | പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം |

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്
ഡയറക്ടർ, ഐ.ടി.@സ്കൂൾ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
സ്റ്റോക്ക് ഫയൽ
ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

[signature]

സെക്ഷൻ ഓഫീസർ